**മധുരമായ കുട്ടികളേ, ഈ പഠിപ്പ് ഏറ്റവും നല്ലതാണ്, ഇതിനെത്തന്നെയാണ് വരുമാന മാർഗ്ഗം എന്ന് പറയുന്നത്, പഠിപ്പിൽ വിജയിക്കണമെങ്കിൽ ടീച്ചറുടെ നിർദ്ദേശമനുസരിച്ച് നടക്കൂ.**

**ചോദ്യം** : ബാബയ്ക്ക് ഡ്രാമയുടെ രഹസ്യത്തെ അറിയാമായിരുന്നിട്ടും തന്റെ കുട്ടികളെക്കൊണ്ട് ഏതൊരു പുരുഷാർത്ഥമാണ് ചെയ്യിക്കുന്നത്?

**ഉത്തരം** : ബാബയ്ക്കറിയാം നമ്പർവൈസായിത്തന്നെയാണ് എല്ലാ കുട്ടികളും സതോപ്രധാനമാകുന്നത് എങ്കിലും ബാബ കുട്ടികളോട് പറയുന്നു – കുട്ടികളേ, ശിക്ഷകൾ അനുഭവിക്കേണ്ടി വരാത്ത തരത്തിലുള്ള പുരുഷാർത്ഥം ചെയ്യൂ. ശിക്ഷകളിൽ നിന്നും മുക്തമാകുന്നതിനു വേണ്ടി എത്രത്തോളം സാധിക്കുമോ സ്നേഹത്തോടുകൂടി ബാബയെ ഓർമ്മിക്കൂ. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും എഴുന്നേല്ക്കുമ്പോഴും ഇരിക്കുമ്പോഴും ഓർമ്മിക്കുകയാണെങ്കിൽ വളരെ സന്തോഷം തോന്നും. ആത്മാവ് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും.

**ഓംശാന്തി**. ബാബ നമ്മെ ജ്ഞാനവും യോഗവും പഠിപ്പിക്കുകയാണ് എന്ന് ഇപ്പോൾ കുട്ടികൾക്കറിയാം. നമ്മുടെ യോഗം എങ്ങനെയുള്ളതാണെന്നുള്ളത് കുട്ടികൾ മാത്രമാണറിയുന്നത്. നമ്മൾ പവിത്രമായിരുന്നവർ ഇപ്പോൾ അപവിത്രമായി കാരണം 84 ജന്മങ്ങളുടെ കണക്കുണ്ടല്ലോ. ഇത് 84 ജന്മങ്ങളുടെ ചക്രമാണ്. 84 ജന്മം എടുത്തവർ തന്നെയാണ് ഇത് അറിയുന്നത്. നിങ്ങൾ കുട്ടികൾക്ക് ബാബയിലൂടെ എല്ലാം മനസ്സിലായി. അഥവാ ഇങ്ങനെയുള്ള ബാബയെത്തന്നെ അംഗീകരിക്കുന്നില്ല എങ്കിൽ പിന്നെ ആരെ അംഗീകരിക്കും! ബാബയുടെ നിർദ്ദേശം ലഭിക്കുകയാണ്. നിർദ്ദേശങ്ങൾ അംഗീകരിക്കാത്തവരും ധാരാളം പേരുണ്ട്. കോടിയിൽ ചിലരാണ് അംഗീകരിക്കുന്നത്. എത്ര വ്യക്തമായിട്ടാണ് ബാബ പഠിപ്പ് നല്കുന്നത്. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് നിങ്ങൾ കുട്ടികൾ തന്നെയാണ് അംഗീകരിക്കുന്നത്. സർവ്വരും ഒരുപോലെ അംഗീകരിക്കില്ല. ടീച്ചർ പഠിപ്പിക്കുന്നത് എല്ലാവരും ഒരുപോലെ അംഗീകരിക്കുകയോ പഠിക്കുകയോ ചെയ്യില്ല. നമ്പർവൈസായി ചിലർ 20 മാർക്ക് നേടുന്നു, ചിലർ പല മാർക്കുകൾ നേടുന്നു. ചിലർ തോറ്റ് പോകുന്നു. എന്തുകൊണ്ടാണ് തോറ്റുപോകുന്നത്? കാരണം ടീച്ചറുടെ നിർദ്ദേശമനുസരിച്ച് നടക്കുന്നില്ല. ലോകർക്ക് അനേകം നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ട്. ഇവിടെ ഒരേയൊരു നിർദ്ദേശമാണ് ലഭിക്കുന്നത്. ഇത് അത്ഭുത മതമാണ്. നമ്മൾ 84 ജന്മങ്ങൾ എടുത്തു എന്നത് കുട്ടികൾക്കറിയാം. ബാബ പറയുന്നു – ഞാൻ ആരിലാണോ പ്രവേശിക്കുന്നത്......... ഇത് ആരാണ് പറഞ്ഞത്? ശിവബാബ. ഞാൻ ആരിലാണോ പ്രവേശിക്കുന്നത്, അവരെയാണ് ഭഗീരഥൻ എന്ന് പറയുന്നത്. അവർക്ക് തന്റെ ജന്മങ്ങളെക്കുറിച്ച് അറിഞ്ഞിരുന്നില്ല. നിങ്ങൾ കുട്ടികൾക്കും അറിഞ്ഞിരുന്നില്ല. നിങ്ങൾക്ക് ഇപ്പോൾ മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾ ഇത്ര ജന്മങ്ങൾ സതോപ്രധാനമായിരുന്നു പിന്നീട് സതോ–രജോ–തമോയിൽ വന്ന് താഴേക്കിറങ്ങി വന്നു. ഇപ്പോൾ പഠിക്കാനാണ് നിങ്ങൾ ഇവിടെ വന്നിരിക്കുന്നത്. പഠിപ്പ് സമ്പാദ്യത്തിന്റെ ഉറവിടമാണ് ഈ പഠിപ്പു തന്നെയാണ് ഏറ്റവും ഉയർന്നത്(ബെസ്റ്റ്). മറ്റു പഠിപ്പിൽ പറയും ഐ.സി.എസ് ആണ് ബെസ്റ്റ്. നിങ്ങൾ 16 കലാ സമ്പൂർണ്ണരായ ദേവതകളായിരുന്നു ഇപ്പോൾ ഒരു ഗുണവും അവശേഷിക്കുന്നില്ല. ഗുണരഹിതനായ എന്നിൽ ഒരു ഗുണവുമില്ല എന്ന് പാടാറുണ്ട്. എല്ലാവരും അങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു. സർവ്വതിലും ഭഗവാനുണ്ടെന്ന് കരുതുന്നു. ദേവതകളിലും ഭഗവാനുണ്ട്, അതുകൊണ്ട് ദേവതകളുടെ മുന്നിൽ ഇരുന്നു പറയുന്നു നിർഗുണനായ എന്നിൽ.... അങ്ങേക്കേ ദയയുണ്ടാകുകയുള്ളൂ. പറയാറുണ്ട് ബാബ ആനന്ദ സാഗരനാണ്, കൃപാലുവാണ്, ഞങ്ങളുടെ മേൽ ദയ ചൊരിയുന്നു. ഈശ്വരാ, ദയ കാണിക്കൂ എന്നു പറഞ്ഞ് ബാബയെ വിളിക്കുന്നു, ഇപ്പോൾ ആ ബാബ തന്നെ നിങ്ങളുടെ മുന്നിൽ വന്നിരിക്കുകയാണ്. ഇങ്ങനെയുള്ള ബാബയെ ആരാണോ അറിയുന്നത് അവർക്ക് എത്രത്തോളം സന്തോഷം ഉണ്ടായിരിക്കണം! പരിധിയില്ലാത്ത അച്ഛൻ അയ്യായിരം വർഷത്തിനു ശേഷം വീണ്ടും മുഴുവൻ വിശ്വത്തിന്റെ രാജ്യപദവി നൽകുകയാണ്, അപ്പോൾ എത്രമാത്രം അളവറ്റ സന്തോഷം ഉണ്ടായിരിക്കണം!

നിങ്ങൾക്കറിയാം ശ്രീമതത്തിലൂടെ നമ്മൾ ശ്രേഷ്ഠരിലും ശ്രേഷ്ഠരാകുകയാണ്. അഥവാ ശ്രീമതം അനുസരിക്കുകയാണെങ്കിൽ ശ്രേഷ്ഠമാകും. അരകല്പം രാവണന്റെ മതമാണ്. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾ 84 ജന്മങ്ങൾ എടുത്തു, നിങ്ങൾ തന്നെയാണ് സതോപ്രധാനമായിരുന്നത്, ഇപ്പോൾ നിങ്ങൾക്ക് വീണ്ടും സതോപ്രധാനമാകണം. ഇത് രാവണ രാജ്യമാണ്. എപ്പോഴാണോ ഈ രാവണന്റെ മേൽ ജയം നേടുന്നത് അപ്പോൾ രാമരാജ്യം സ്ഥാപിക്കപ്പെടും. ബാബ പറയുന്നു നിങ്ങൾ എന്റെ ഗ്ലാനി ചെയ്യുന്നു. ബാബയുടെ മഹിമ പാടുന്നതിനു പകരം ഗ്ലാനി ചെയ്യുന്നു! ബാബ പറയുന്നു നിങ്ങൾ എത്രത്തോളം എന്റെ അപകാരം ചെയ്തു. ഇതും ഡ്രാമയിൽ ഉള്ളതാണ്. ഇപ്പോൾ ബാബ എല്ലാ

ത്തിനെക്കുറിച്ചുമുള്ള തിരിച്ചറിവ് നൽകുകയാണ്. ഒന്നിനെ മാത്രം ഓർമ്മിക്കൂ. പറയാറുണ്ട് സത്സംഗം 21 ജന്മത്തിലേക്ക് താരസമാനം ഉയർത്തും. അപ്പോൾ മുക്കിത്താഴ്ത്തുന്നത് ആരാണ്? നിങ്ങളെ സാഗരത്തിൽ മുക്കുന്നത് ആരാണ്? കുട്ടികളോടല്ലേ ചോദ്യം ചോദിക്കുക. നിങ്ങൾക്കറിയാം പൂന്തോട്ടക്കാരൻ, തോണിക്കാരൻ ഇതെല്ലാം എന്റെ പേരു തന്നെയാണ്. അർത്ഥം അറിയാത്തതു കാരണം പരിധിയില്ലാത്ത അച്ഛനെ ഒരുപാട് ഗ്ലാനി ചെയ്യുന്നു. എന്നാൽ പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സുഖം നൽകുന്നു. അപകാരം ചെയ്യുന്നവരുടെ മേലും ഉപകാരം ചെയ്യുന്നു. ഞങ്ങൾ അപകാരമാണ് ചെയ്യുന്നതെന്ന് അവർക്കറിഞ്ഞുകൂടാ. വളരെ സന്തോഷത്തോടു കൂടിയാണ് പറയുന്നത് ഈശ്വരൻ സർവ്വവ്യാപിയാണെന്ന്. അതൊരിക്കലും ശരിയല്ല. ഓരോരുത്തർക്കും അവരവരുടേതായിട്ടുള്ള പാർട്ട് ലഭിച്ചിട്ടുണ്ട്. ഇതും നിങ്ങൾക്കറിയാം – എപ്പോഴാണോ ദേവീ–ദേവതകളുടെ രാജ്യം ഉണ്ടായിരുന്നത് അപ്പോൾ മറ്റൊരു രാജ്യവും ഉണ്ടായിരുന്നില്ല. ഭാരതം സതോപ്രധാനമായിരുന്നു. ഇപ്പോൾ തമോപ്രധാനമാണ്. ബാബ വരുന്നതുതന്നെ ലോകത്തിനെ സതോപ്രധാനമാക്കാൻ വേണ്ടിയാണ്. ഇതും നിങ്ങൾ കുട്ടികൾക്കേ അറിയാവൂ. അഥവാ മുഴുവൻ ലോകവും അറിഞ്ഞു കഴിഞ്ഞാൽ ഇവിടെ എല്ലാവർക്കും എങ്ങനെ പഠിക്കാനായി വരാൻ സാധിക്കും. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് അളവറ്റ സന്തോഷം ഉണ്ടായിരിക്കണം. സന്തോഷം പോലെ മറ്റൊരു മരുന്നും ഇല്ല. സത്യയുഗത്തിൽ നിങ്ങൾ വളരെ സന്തോഷത്തോടെ ഇരിക്കുന്നു. ദേവതകളുടെ ആഹാര രീതിയൊക്കെ വളരെ സൂക്ഷ്മമായിരിക്കും. വളരെ സന്തോഷമുണ്ടായിരിക്കും. ഇപ്പോൾ നിങ്ങൾക്ക് സന്തോഷം ലഭിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ സതോപ്രധാനമായിരുന്നു. ഇപ്പോൾ നമുക്ക് ബാബ സന്തോഷത്തോടെയിരിക്കുവാനുള്ള ഒന്നാന്തരം യുക്തി പറഞ്ഞു തരികയാണ്. ഗീതയിലും ആദ്യത്തെ വാക്ക് മന്മനാഭവയാണ്. ഇത് ഗീതാ അദ്ധ്യായമല്ലേ. ഗീതയിൽ കൃഷ്ണന്റെ പേര് വെച്ച് മുഴുവനും ആശയക്കുഴപ്പത്തിലാക്കി. അത് ഭക്തി മാർഗ്ഗമാണ്. ബാബയും ജ്ഞാനം മനസ്സിലാക്കിത്തരുന്നു, ഇതിൽ ഒരു തരത്തിലുള്ള സംശയങ്ങളുമില്ല. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായാൽ മാത്രം മതി. ഇത് തമോപ്രധാന ലോകമാണ്. കലിയുഗത്തിൽ നോക്കൂ മനുഷ്യന്റെ അവസ്ഥ എന്തായിരിക്കുകയാണ്. ധാരാളം മനുഷ്യരാണ്. സത്യയുഗത്തിൽ ഏക ധർമ്മം, ഏക ഭാഷ പിന്നെ ഏക സന്താനവുമായിരിക്കും. ഒരേ ഒരു രാജ്യമായിരിക്കും. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. അപ്പോൾ ഒന്നാമത് സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം, രണ്ടാമത് യോഗം. ജ്ഞാനത്തിന്റെ നിറം പതിയുന്നതിനെയാണ് അവർ പലവർണ്ണമുള്ള ജലം തളിച്ച് ആഘോഷിക്കുന്നത് (ധുരിയ) പിന്നെ ഹോളി അർത്ഥം യോഗം. മുഖ്യമായ കാര്യം ബാബ മനസ്സിലാക്കിത്തരുന്നത് ഇതാണ്– ഈ സമയം സർവ്വരുടേയും തമോപ്രധാനമായ ജീർണ്ണിച്ച അവസ്ഥയാണ്, വിനാശം തൊട്ട് മുന്നിൽ തന്നെയുണ്ട്. ഇപ്പോൾ ബാബ പറയുകയാണ് നിങ്ങൾ എന്നെ വിളിച്ചു നമ്മെ പാവനമാക്കാൻ വരൂ. നിങ്ങൾ പതീതരായി മാറിയിരിക്കുന്നു. പതീത–പാവനൻ എന്ന് വിളിക്കുന്നത് എന്നെയാണ്. ഇപ്പോൾ ബാബയുമായി യോഗം വയ്ക്കൂ, എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ നിങ്ങൾക്ക് ശരിയായത് മാത്രമേ പറഞ്ഞു തരികയുള്ളൂ. പിന്നീട് ജന്മ–ജന്മാന്തരം നിങ്ങൾ തെറ്റായ രീതിയിൽ സഞ്ചരിച്ചു. സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായി മാറി.

ബാബ കുട്ടികളോട് സംസാരിക്കുകയാണ്–മധുരമായ കുട്ടികളെ, ഇപ്പോൾ നിങ്ങൾ ആത്മാക്കൾ തമോപ്രധാനമായിരിക്കുകയാണ്. ആരാണ് തമോപ്രധാനമാക്കിയത്? 5 വികാരങ്ങൾ. മനുഷ്യർ പല ചോദ്യങ്ങളും ചോദിച്ച് നമ്മുടെ തല കേടുവരുത്തുന്നു. ശാസ്ത്രങ്ങളെ കുറിച്ച് വ്യാഖ്യാനിക്കുമ്പോൾ പരസ്പരം വഴക്കടിക്കുന്നു. പരസ്പരം വടി കൊണ്ട് അടിക്കാനും മടിക്കുന്നില്ല. ഇവിടെ ബാബ നിങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കുന്നു, അതിന് ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെയൊന്നും കാര്യമില്ല. പാവനമാകേണ്ടേ. കലിയുഗത്തിനു ശേഷം സത്യയുഗം എന്തായാലും വരും. തീർച്ചയായും സതോപ്രധാനമാകും. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾ ആത്മാക്കൾ തമോപ്രധാനമാകുമ്പോൾ ശരീരവും തമോപ്രധാനമായത് ലഭിക്കുന്നു. സ്വർണ്ണത്തിന് എത്ര ക്യാരറ്റാണോ അതനുസരിച്ചായിരിക്കും ആഭരണവും പണിയുക. കറ പുരളുമല്ലോ. ഇപ്പോൾ നിങ്ങൾക്ക് 24 ക്യാരറ്റ് സ്വർണ്ണമായിത്തീരണം. ദേഹീ–അഭിമാനീ ഭവ. ദേഹാഭിമാനത്തിൽ വരുന്നതിലൂടെ നിങ്ങൾ മോശമായി മാറുന്നു. യാതൊരു സന്തോഷവുമില്ല. രോഗങ്ങളും അസുഖങ്ങളും ഒക്കെയുണ്ട്. ഇപ്പോൾ പതിത–പാവനൻ ഞാൻ തന്നെയാണ്. എന്നെ നിങ്ങളാണ് വിളിച്ചത്. ഞാൻ സന്യാസിയോ–സ്വാമിയോ ഒന്നും അല്ല. ചിലർ വരുമ്പോൾ ഗുരുജിയുടെ ദർശനം ചെയ്യണമെന്ന് പറയുന്നു. അപ്പോൾ പറയൂ ഇവിടെ ഗുരുജിയൊന്നുമില്ല ദർശനത്തിലൂടെയും ഒരു നേട്ടവുമില്ല. ബാബ ഓരോ കാര്യവും സഹജമായി മനസ്സിലാക്കിത്തരികയാണ്. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകും. അതിനു ശേഷം ദേവതയായിത്തീരും. നിങ്ങൾ വീണ്ടും ദേവത അർത്ഥം സതോപ്രധാനമാകാൻ വേണ്ടി ഇവിടെ വന്നിരിക്കുകയാണ്. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ കറ ഇല്ലാതായിത്തീരും. സതോപ്രധാനമായിത്തീരും. പുരുഷാർത്ഥത്തിലൂടെയല്ലേ ആകുകയുള്ളൂ. എഴുന്നേൽക്കുമ്പോഴും

ഇരിക്കുമ്പോഴും നടക്കുമ്പോഴും ബാബയെ ഓർമ്മിക്കൂ. സ്നാനം ചെയ്തുകൊണ്ടും ബാബയെ ഓർമ്മിക്കാൻ കഴിയില്ലേ? സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ അഴുക്ക് ഇല്ലാതാകുകയും സന്തോഷത്തിന്റെ അളവ് വർദ്ധിക്കുകയും ചെയ്യും. ബാബ നിങ്ങൾക്ക് എത്രത്തോളം ധനമാണ് നൽകുന്നത്. വിശ്വത്തിന്റെ അധികാരിയാകുവാൻ വേണ്ടിയാണ് നിങ്ങൾ വന്നിരിക്കുന്നത്. അവിടെ നിങ്ങൾ സ്വർണ്ണത്തിന്റെ കൊട്ടാരങ്ങൾ ഉണ്ടാക്കും. ധാരാളം രത്നങ്ങളും വജ്രങ്ങളും ഉണ്ടായിരിക്കും. ഭക്തിയിലുണ്ടാക്കുന്ന ക്ഷേത്രങ്ങളിലും വളരെയധികം രത്നങ്ങളും വൈഢൂര്യങ്ങളും ഉണ്ടായിരിക്കും. ധാരാളം രാജാക്കന്മാർ ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത്രയും രത്നങ്ങളും സ്വർണ്ണവുമെല്ലാം എവിടെ നിന്നാണ് വരുന്നത്? ഇപ്പോൾ അതൊന്നുമില്ല. എങ്ങനെയാണ് ചക്രം കറങ്ങുന്നത്, ഈ ഡ്രാമ എന്താണ് എല്ലാം നിങ്ങൾ അറിയുന്നുണ്ട്. വളരെയധികം ഭക്തി ചെയ്തവരുടെ ബുദ്ധിയിൽ മാത്രമേ ഈ കാര്യങ്ങൾ ഇരിക്കുകയുള്ളൂ. നമ്പർ വൈസായിത്തന്നെയാണ് മനസ്സിലാക്കുന്നത്. ആരൊക്കെയാണ് വളരെയധികം സേവനം ചെയ്യുന്നതെന്നും വളരെയധികം സന്തോഷിക്കുന്നതെന്നും യോഗത്തിലിരിക്കുന്നതെന്നും മനസ്സിലാക്കുവാൻ സാധിക്കും. ആ അവസ്ഥ അവസാനമാണ് ഉണ്ടാവുക. യോഗവും ആവശ്യമാണ്. സതോപ്രധാനമാകണം. ബാബ വന്നിരിക്കുകയാണ് അതുകൊണ്ട് ബാബയിൽ നിന്നും സമ്പത്ത് എടുക്കണം. ബ്രഹ്മാവും പറയുന്നു ശിവബാബ എന്നോടൊപ്പമുണ്ട്. ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്. ബാബ നിങ്ങളെ കേൾപ്പിക്കുകയാണ് ഒപ്പം ഞാനും കേൾക്കുന്നു. നിങ്ങൾ ആരെയെങ്കിലുമൊക്കെ കേൾപ്പിക്കുന്നുണ്ടല്ലോ അല്ലേ. ജ്ഞാനാമൃതത്തിന്റെ കലശം മാതാക്കൾക്കാണ് ലഭിക്കുന്നത്. മാതാക്കൾ സർവ്വർക്കും വിതരണം ചെയ്യുന്നു. സേവനം ചെയ്യുന്നു. നിങ്ങൾ എല്ലാവരും സീതമാരാണ്. രാമൻ ഒരാളാണ്. നിങ്ങൾ എല്ലാവരും വധുക്കളാണ് ഞാനാണ് വരൻ. നിങ്ങളെ അലങ്കരിച്ച് ഭർത്താവിന്റെ വീട്ടിലേയ്ക്ക് അയക്കുന്നു. ബാബ പിതാക്കന്മാരുടെയും പിതാവാണ് പതിമാരുടേയും പതിയാണ്. ഒരു ഭാഗത്ത് മഹിമ പാടുന്നു മററൊരു വശത്ത് നിന്ദിക്കുന്നു. ശിവബാബയുടെ മഹിമ വേറെയാണ് കൃഷ്ണന്റെ മഹിമ വേറെയാണ്. സർവ്വരുടേയും പദവിയിൽ വ്യത്യാസമുണ്ട്. എന്നാൽ ഇതിനെയെല്ലാം ഭക്തിയിൽ ഒന്നാക്കിയിരിക്കുന്നു. അന്ധകാരം നിറഞ്ഞലോകം.......നിങ്ങൾ ഇപ്പോൾ ബാബയുടേതായിരിക്കുകയാണ്. ശിവബാബയുടെ പേരക്കുട്ടികളാണ്. നിങ്ങൾ സർവ്വർക്കും അവകാശമുണ്ട്, ഈ ബാബയുടെ അടുക്കൽ സമ്പത്തൊന്നും ഇല്ല. പരിധിയുള്ള സമ്പത്തും ലഭിക്കുന്നുണ്ട് പരിധിയില്ലാത്ത സമ്പത്തും ലഭിക്കുന്നുണ്ട്. ബ്രഹ്മാബാബയും പറയുന്നത് ഞാനും ശിവബാബയിൽ നിന്നാണ് സമ്പത്ത് എടുക്കുന്നത് എന്നാണ്. സർവ്വരും പാരലൗകീക പരമപിതാ പരമാത്മാവിനെ ഓർമ്മിക്കുന്നുണ്ട്. സത്യയുഗത്തിൽ ഓർമ്മിക്കുന്നില്ല. സത്യയുഗത്തിൽ ഒരു അച്ഛനാണുള്ളത്. രാവണ രാജ്യത്തിൽ രണ്ട് അച്ഛന്മാരുണ്ട്. സംഗമത്തിൽ മൂന്ന് അച്ഛന്മാരാണുള്ളത് – ലൗകീകം, പാരലൗകീകം പിന്നെ മൂന്നാമത്തേത് അതിശയകരമായ അലൗകീക അച്ഛൻ. ബ്രഹ്മാബാബയിലൂടെ ശിവബാബ സമ്പത്ത് നല്കുന്നു. ബ്രഹ്മാവിനും ബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ബ്രഹ്മാവിനെ ആദം എന്നും വിളിക്കുന്നു. ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദർ. ശിവബാബയെ അച്ഛൻ എന്ന് തന്നെയാണ് വിളിക്കുന്നത്. ബ്രഹ്മാവിലൂടെയാണ് മനുഷ്യരുടെ വംശാവലി ഉണ്ടാകുന്നത്, അതുകൊണ്ട് ബ്രഹ്മാബാബയെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദർ എന്ന് വിളിക്കുന്നു. ജ്ഞാനം വളരെ സഹജമാണ്. നിങ്ങൾ 84 ജന്മങ്ങൾ എടുത്തു. മനസ്സിലാക്കിക്കൊടുക്കുവാൻ ചിത്രവുമുണ്ട്. ഇവിടെ തലതിരിഞ്ഞ ചോദ്യങ്ങൾ ചോദിക്കേണ്ട ആവശ്യമില്ല. ഋഷിമാരോടും മുനിമാരോടുമൊക്കെ ചോദിച്ചപ്പോഴും അവർക്കും അറിയില്ല അറിയില്ല എന്നാണ് പറഞ്ഞത്. ബാബ വന്ന് തന്റെ പരിചയം നല്കുന്നു. ഇങ്ങനെയുള്ള ബാബയെ എത്ര സ്നേഹത്തോടെ ഓർമ്മിക്കേണ്ടതാണ്.

ഡ്രാമയനുസരിച്ച് നിങ്ങൾ കുട്ടികൾ ഇപ്പോൾ പതുക്കെ പതുക്കെ മുകളിലേയ്ക്ക് കയറിക്കൊണ്ടിരിക്കുന്നു. കല്പ കല്പം സംഖ്യാക്രമത്തിൽ ചിലർ സതോപ്രധാനവും ചിലർ സതോയും രജോയും തമോയും ആകുന്നു അതിനനുസരിച്ച് പദവി അവിടെ ലഭിക്കുന്നു അതുകൊണ്ട് ബാബ പറയുന്നു – കുട്ടികളേ, നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യൂ, ശിക്ഷകൾ അനുഭവിക്കരുത്. പുരുഷാർത്ഥം തീർച്ചയായും ചെയ്യിക്കുന്നു. കല്പം മുൻപ് ആരെല്ലാമായോ അവർ തന്നെയാണ് ആകുന്നത് എന്നറിയാം എന്നാലും തീർച്ചയായും പുരുഷാർത്ഥം ചെയ്യിക്കും. ആരാണോ സമീപമുള്ളവർ അവർ തന്നെയാണ് നല്ല രീതിയിൽ പൂജയും ചെയ്യുന്നത്. ആദ്യമാദ്യം നിങ്ങൾ എന്നെത്തന്നെയാണ് പൂജിക്കുന്നത്. പിന്നെ ദേവതകളെ പൂജിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ദേവതയാകണം. നിങ്ങൾ തന്റെ രാജ്യം യോഗബലത്തിലൂടെ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ ചക്രവർത്തീപദവി നേടുന്നു. ബാഹുബലത്തിലൂടെ ആർക്കും വിശ്വത്തിന്റെ ചക്രവർത്തീപദവി നേടുവാൻ സാധിക്കില്ല. ലോകത്തിൽ സഹോദരങ്ങൾ തമ്മിൽ വഴക്കടിച്ചുകൊണ്ടിരിക്കുന്നു. ധാരാളം വെടിയുണ്ടകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ളവർക്കും കൊടുത്തുകൊണ്ടിരിക്കുന്നു. വെടിക്കോപ്പുകളെല്ലാം വിനാശത്തിന് വേണ്ടിയുള്ളത് തന്നെയാണ്. പക്ഷേ

ഇത് ആരുടേയും ബുദ്ധിയിൽ വരുന്നില്ല കാരണം അവർ മനസ്സിലാക്കുന്നത് കല്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമാണ് എന്നാണ്. ഘോരമായ അന്ധകാരത്തിലാണ്. വിനാശം സംഭവിക്കും സർവ്വരും കുംഭകർണ്ണന്റെ നിദ്രയിൽ ഉറങ്ങിക്കൊണ്ടിരിക്കുകയാണ്. ആരും ഉണരുന്നില്ല. നിങ്ങൾ ഇപ്പോൾ ഉണർന്നിരിക്കുകയാണ്. ബാബ തെളിഞ്ഞിരിക്കുന്ന ദീപമാണ്, നോളജ്ഫുള്ളാണ്. നിങ്ങൾ കുട്ടികളെ തനിക്ക് സമാനമാക്കുന്നു. അത് ഭക്തിയാണ് ഇത് ജ്ഞാനവും. ജ്ഞാനത്തിലൂടെ നിങ്ങൾ സുഖികളാകുന്നു. നമ്മൾ വീണ്ടും സതോപ്രധാനമായിക്കൊണ്ടിരിക്കുകയാണ് എന്നത് നിങ്ങൾക്ക് അനുഭവപ്പെടണം. ബാബയെ ഓർമ്മിക്കണം. ഇതിനെയാണ് പരിധിയില്ലാത്ത സന്യാസം എന്ന് പറയുന്നത്. ഈ പഴയ ലോകം നശിക്കുവാൻ പോകുന്നു. പ്രകൃതിക്ഷോഭങ്ങളും അതിന് സഹായിക്കുന്നു. ആ സമയം നിങ്ങൾക്ക് ഭക്ഷണം പോലും ലഭിക്കില്ല. നമ്മൾ നമ്മുടെ സന്തോഷത്തിന്റെ ലഹരിയിലിരിക്കും. ഇതെല്ലാം നശിക്കാനുള്ളതാണെന്നറിയാം. ഇതിൽ സംശയിക്കേണ്ട ആവശ്യമേയില്ല. ഞാൻ വരുന്നത് തന്നെ നിങ്ങൾ കുട്ടികളെ സതോപ്രധാനമാക്കുവാൻ വേണ്ടിയാണ്. ഇത് കല്പ കല്പത്തിലുള്ള എന്റെ കർത്തവ്യമാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം -**

1. സ്വയം ഭഗവാൻ നമ്മളിൽ ദയ ചൊരിഞ്ഞിരിക്കുകയാണ്, ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു, ഈ ലഹരിയിലിരിക്കണം. പഠിപ്പ് വരുമാന മാർഗ്ഗമാണ് അതുകൊണ്ട് ഒരിക്കലും പഠിപ്പ് മുടക്കരുത്.

2. അളവറ്റ സന്തോഷം സ്വയം അനുഭവിക്കണം ഒപ്പം മറ്റുള്ളവർക്കും നൽകണം. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ആത്മാഭിമാനിയായി ബാബയുടെ ഓർമ്മയിലിരുന്ന് തീർച്ചയായും ആത്മാവിനെ സതോപ്രധാനമാക്കണം.

## വരദാനം:- സമയാനുസരണം ഓരോ ശക്തികളുടെയും അനുഭവം പ്രായോഗിക രൂപത്തിൽ ചെയ്യുന്നവരായ മാസ്റ്റർ സർവ്വശക്തിമാനായി ഭവിക്കട്ടെ.

മാസ്റ്റർ എന്നതിന്റെ അർത്ഥമാണ് ഏത് ശക്തിക്ക് ഏത് സമയത്ത് ആഹ്വാനം ചെയ്യുന്നുവോ ആ ശക്തി അതേ സമയത്ത് പ്രായോഗിക രൂപത്തിൽ അനുഭവമാകുക. ഓർഡർ ചെയ്തു, ഹാജരായി. സഹന ശക്തിക്ക് ഓർഡർ ചെയ്തു, വന്നത് നേരിടാനുള്ള ശക്തി ഇങ്ങനെയാകരുത്, എങ്കിൽ അതിനെ മാസ്റ്റർ എന്ന് വിളിക്കില്ല. അതിനാൽ പരിശോധിക്കൂ അതായത് ഏത് സമയത്ത് ഏത്ശക്തിയുടെ ആവശ്യകതയുണ്ടോ ആ സമയത്ത് ആ ശക്തി തന്നെ കാര്യത്തിൽ വരുന്നുണ്ടോ? ഒരു സെക്കന്റിന്റെ പോലും വ്യത്യാസം വന്നാൽ ജയിക്കുന്നതിന് പകരം പരാജയപ്പെട്ടുപോകും.

## സ്ലോഗൻ:- ബുദ്ധിയിൽ എത്രയും ഈശ്വരീയ ലഹരിയുണ്ടോ, കർമ്മത്തിൽ അത്രയും വിനയമുണ്ടായിരിക്കണം.